ആർക്കെങ്കിലും രണ്ട് ഭാര്യമാർ ഉണ്ടാവുകയും അവരിൽ
ഒരുവളിലേക്ക് മാത്രം അവൻ ചായുകയും ചെയ്താൽ തൻ്റെ
ഒരുഭാഗം ചെരിഞ്ഞവനായാണ് അന്ത്യനാളിൽ അവൻ
ഹാജറാക്കപ്പെടുക
ُه عَنُْه- റൈറുഹ ൂഅബ

َ ِض َي الل
ر- നിവേദനം: നബി -صلى الله عليه وسلم- പറഞ്ഞു: "ആർക്കെങ്കിലും രണ്ട് ഭാര്യമാർ
ഉണ്ടാവുകയും അവരിൽ ഒരുവളിലേക്ക് മാത്രം അവൻ ചായുകയും ചെയ്താൽ തൻ്റെ ഒരുഭാഗം
ചെരിഞ്ഞവനായാണ് അന്ത്യനാളിൽ അവൻ ഹാജറാക്കപ്പെടുക."
[صحيح] [رواه أبو داود والترمذي والنسائي وابن ماجه وأحمد]
ഒരാൾക്ക് ഒന്നിലധികം ഭാര്യമാർ ഉണ്ടായിരിക്കുകയും, തൻ്റെ ഭാര്യമാരോട് തനിക്ക്
സാധ്യമായ മേഖലകളിൽ അവൻ നീതി പുലർത്താതിരിക്കുകയും ചെയ്താൽ അതിനുള്ള ശിക്ഷയായി
അന്ത്യനാളിൽ ശരീരത്തിൻ്റെ ഒരു ഭാഗം ചെരിഞ്ഞ നിലയിലായിരിക്കും അവൻ വന്നെത്തുക എന്ന്
നബി -صلى الله عليه وسلم- അറിയിക്കുന്നു. ഭാര്യമാർക്കിടയിൽ ചെലവ് ചെയ്യുന്നതിലും, താമസം, വസ്ത്രം
തുടങ്ങിയവ നൽകുന്നതിലും, രാത്രികൾ ഒപ്പം ചെലവഴിക്കുന്നതിലുമെല്ലാം നീതി
പുലർത്താതിരിക്കുന്നത് ഈ പറഞ്ഞതിൻ്റെ ഉദാഹരണങ്ങളിൽ പെട്ടതാണ്. തൻ്റെ ഇണകളോടുള്ള
പെരുമാറ്റത്തിൽ ഒരു വശത്തേക്ക് ചെരിഞ്ഞു നിന്നതിനുള്ള ശിക്ഷയായാണ് അവൻ അന്ത്യനാളിൽ
ചെരിഞ്ഞ രൂപത്തിൽ വന്നെത്തുന്നത്.
https://sunnah.global/hadeeth/ml/show/58125